ഊർജ്ജോല്പാദനം

50 (396) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു. കൂടാതെ 54.25 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡി.പി.ആർ. മേയ് 2015-നുമുമ്പ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതുകൂടാതെ 61.25 മെഗാവാട്ടിന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ട് വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. പൂർത്തിയാക്കാൻവേണ്ടി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലഭ്യമായ എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തി പുതിയ ഉൽപ്പാദന പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പാക്കിവരുന്നു. ബ്രഹ്മപുരത്തെ കേടായ രണ്ട് ഡീസൽ യൂണിറ്റുകൾ മാറ്റി ഉദ്ദേശം 40 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജോല്പാദന മാർഗ്ഗങ്ങളായ കാറ്റ്, സൗരോർജ്ജം എന്നിവ പ്രയോജനപ്പെടുത്തുന്ന വിവിധ ഊർജ്ജോൽപാദന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ബ്രഹ്മപുരത്ത് ഉദ്ദേശം 400 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത കമ്പൈൻഡ് സൈക്കിൾ പദ്ധതിയും എൻ.റ്റി.പി.സി. കായംകുളം, ബി.എസ്.ഇ.എസ്. കൊച്ചി എന്നീ നാഫ്ത പദ്ധതികൾ വാതകാധിഷ്ഠിത പദ്ധതികളാക്കി മാറ്റാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ചീമേനിയിൽ ഒരു കൽക്കരി അധിഷ്ഠിത താപവൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും ആരാഞ്ഞുവരുന്നു. കൂടാതെ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു :

സൗരോർജ്ജത്തിൽനിന്നു വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 10000 കിലോവാട്ട് റൂഫ് ടോപ്പ് സോളാർ ഓഫ് ഗ്രിഡ് പദ്ധതിയും 12000 കിലോവാട്ട് സോളാർ ഗ്രിഡ് കണക്ട് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമേ വിവിധ കെട്ടിടങ്ങൾ കേന്ദ്രീകരിച്ച് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അനെർട്ട് സാങ്കേതിക സഹായം നൽകിവരുന്നു. ഇത്തരത്തിൽ 434.36 കിലോവാട്ട് പദ്ധതികൾ പൂർത്തിയാകുകയും 689 കിലോവാട്ട് പദ്ധതികളുടെ പണി പുരോഗമിക്കുകയും ചെയ്യുന്നു. അനെർട്ടിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. 6-1-2014-ൽ എൻ.എച്ച്.പി.സി.-യും കേരള സർക്കാരും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.പി.സി.-യുമായി സഹകരിച്ച് പാലക്കാട് ജില്ലയിൽ 82 മെഗാവാട്ട് കാറ്റാടിപ്പാലം സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി പ്രതിസന്ധി

51 (397) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി പ്രതിസന്ധിയും ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആഗോള വിപണിയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, കായംകുളം, ബി. എസ്. ഇ. എസ്., കോഴിക്കോട് നിലയങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വിലയിൽ എത്രമാത്രം കുറവുണ്ടാക്കിയിട്ടുണ്ട് ; മുൻപ് ഉണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും വ്യക്തമാക്കുമോ ;

(സി) ഈ നിലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയും കെ. എസ്. ഇ. ബി. ലിമിറ്റഡ് വാങ്ങുന്ന വൈദ്യുതിയും എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിലയുടെ കുറവ് വേനൽക്കാലത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സഹായിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജലസംഭരണികളിൽ പരമാവധി വെള്ളം വേനൽക്കാലത്തെ വർദ്ധിച്ച ഉപയോഗത്തിനുവേണ്ടി സംഭരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സംഭരണശേഷിയും പ്രതിദിന ഉപയോഗവും കണക്കിലെടുത്താൽ 22 മുതൽ 24 ദശലക്ഷം യൂണിറ്റ് വരെ വൈദ്യുതി വരുന്ന വേനൽക്കാലത്ത് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. കേന്ദ്രപൂളിൽനിന്ന് പരമാവധി വൈദ്യുതി ലഭ്യമാക്കിയും വൈദ്യുതി വ്യാപാരികളിൽനിന്നും ഉൽപ്പാദകരിൽനിന്നും കരാറിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി മുഴുവനായും ലഭ്യമാക്കിയും കൂടാതെ അധികമായി വേണ്ടിവരുന്ന വൈദ്യുതി കേരളത്തിലെ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും ഉൽപാദിപ്പിച്ചും വരുന്ന വേനൽക്കാലത്ത് ലോഡ്ഷെഡ്ഡിംഗും പവർകട്ടും പരമാവധി ഒഴിവാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly